**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഓണക്കാലത്ത് സാമ്പത്തിക ഞെരുക്കം മറികടക്കാൻ നടത്തിയ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾ കാരണം രൂപപ്പെട്ട സാമ്പത്തിക ഞെരുക്കത്തിന്റെയും പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ ഓണക്കാലത്ത് പൊതുവിപണിയിൽ പണമെത്തിക്കുന്നതിന് നടത്തിയ ഇടപെടലുകൾ ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | “പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025-26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ആയതിൻ പ്രകാരം ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം രണ്ട് ഗഡു കുടിശ്ശികയും (ആകെ 2550 കോടി രൂപ) അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്.<br><br>സപ്ലൈകോയ്ക്ക് വിപണി ഇടപെടലിനായി 259.29 കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. (വിപണി ഇടപെടലിനായി 225 കോടി രൂപ (അതിൽ 25 കോടി രൂപ പഞ്ചസാര വിതരണത്തിന്) + സംസ്ഥാനത്തെ AAY കാർഡുടമകൾക്കും വയനാട്ടിലെ ഉരുൾപൊട്ടലിനെ തുടർന്നുള്ള ദുരന്തബാധിത പ്രദേശങ്ങളിലെ എല്ലാ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും (4 പേർക്ക് 1 കിറ്റ് എന്ന കണക്കിൽ) 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനായി 34.29 കോടി രൂപ). അതുവഴി 260 കോടി രൂപയുടെ അവശ്യ വസ്തുക്കൾ വില്പനശാലകളിൽ എത്തിക്കുകയും അപ്രകാരം പൊതുവിപണിയിലെ വില നിയന്ത്രിക്കുവാനും 26.24 ലക്ഷം ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. കിറ്റ് വിതരണത്തിലൂടെ 14 ഇനം അവശ്യ സാധനങ്ങൾ |

അടങ്ങിയ കിറ്റുകൾ 6 ലക്ഷം ഗുണഭോക്താക്കൾക്ക് നൽകുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി വിതരണത്തിനായി കുടിശ്ശിക ഇനത്തിൽ സപ്ലൈകോയ്ക്ക് അനുവദിച്ച 50 കോടി രൂപ ഉപയോഗപ്പെടുത്തി റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം സുഗമമായി നടത്തുവാൻ സാധിക്കുകയും അതിനൊപ്പം റേഷൻ വിതരണ കമ്മീഷനായി 14.22 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ഓണവിപണിക്കായി സബ്സിഡി ശീർഷകത്തിൽ നിന്നും 16 കോടി രൂപ അഡ്വാൻസായി കൺസ്യൂമർ ഫെഡിനു അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പെൻഷൻകാർക്കും ഉത്സവബത്തയായി (42609 പേർക്ക്) 26.67 കോടി രൂപയും, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റിനായി (1833 പേർക്ക് 1050 രൂപ വീതം വിലയുള്ള കിറ്റ്) 0.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് വേതനത്തിനായി (ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 13,560 പേർക്ക്) 56.28 കോടി രൂപയും, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് 16.97 കോടി രൂപയും, സമഗ്ര ശിക്ഷാകേരളയ്ക്കായി 40 കോടി രൂപയും, പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ( 14,647 പേർക്ക് 2000 രൂപയും 250 രൂപയുടെ അരിയും) 3.30 കോടി രൂപയും, തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1000 രൂപ വീതവും, ഗ്രാമീണ തൊഴിലുറപ്പിനായി (5.69 ലക്ഷം പേർ) 56.91 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് തൊഴിലാളികൾക്ക് (5929 പേർ) 0.59 കോടി രൂപയും, കയർ സ്ഥാപനങ്ങൾക്ക് വിപണി വികസന ഗ്രാന്റിനായി (കയർ മാറ്റ്സ് സംഘങ്ങൾ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, കയർ കോർപ്പറേഷൻ, കയർ ഫെഡ്) 10 കോടി രൂപയും, കയറിനുള്ള വിപണന സഹായമായി 3.08 കോടി രൂപയും, റബ്ബർ സബ്സിഡിയായി 56.28 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ കയർ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2000 രൂപ വീതം എക്സ്ഗ്രേഷ്യ (10,732 പേർക്ക്) 2.15 കോടി രൂപയും, ചെറുകിട കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് ബോണസ് ഉറപ്പാക്കാൻ കയർ കോർപ്പറേഷൻ പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾ ശേഖരിച്ചതിന്റെ വില നല്കാൻ സഹായമായി 10 കോടി രൂപയും, ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഒരു ഗഡു

പ്രതിഫലം (9000 പേർക്ക് ) 19.81 കോടി രൂപയും, ഖാദി റിബേറ്റിനായി 3.05 കോടി രൂപയും, കൈത്തറി യൂണിഫോം പദ്ധതിയ്ക്ക് 30 കോടി രൂപയും, കൈത്തറി തൊഴിലാളികൾക്ക് വേതനവിതരണത്തിനായി 16.97 കോടി രൂപയും, സ്പിന്നിംഗ് മില്ലുകളിലെ വേതന വിതരണത്തിനായി 1.3 കോടി രൂപയും അങ്കണവാടി സേവന പദ്ധതികൾക്കായി 87.13 കോടി രൂപയും, കാഷ്യൂ ബോർഡിന് 18.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിവിധ വിഭാഗം തൊഴിലാളികൾക്ക് ബോണസ്, ഓണക്കിറ്റ്, എക്സ്ഗ്രേഷ്യ, ഇൻകം സപ്പോർട്ട് സ്കീം ഉൾപ്പടെ 67 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇൻകം സപ്പോർട്ട് സ്കീം (കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ തൊഴിൽ മേഖല ( 8,94,922 പേർ) മാത്രമായി 45 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

നാലാഴ്ചയ്ക്കുള്ളിൽ കെ.എസ്.ആർ.ടി -യ്ക്ക് 267.96 കോടി രൂപ അനുവദിക്കുകയുണ്ടായി. 16/08/2024 -ൽ 92.53 കോടി രൂപയും 28/08/2024 -ൽ 72.23 കോടി രൂപയും 03/09/2024 -ൽ 30 കോടി രൂപയും 07/09/2024 -ൽ 74.20 കോടി രൂപയുമാണ് അനുവദിച്ചത്.

കരാറുകാർക്ക് (ബി.ഡി.എസ് പേയ്മെന്റ്) 991 കോടി രൂപയും, പഴം പച്ചക്കറി വിപണി ഇടപെടലിനായി ഹോർട്ടികോർപ്പിന് 5 കോടി രൂപയും, വി.എഫ്.പി.സി.കെ-യ്ക്ക് 1.8 കോടി രൂപയും, കശുവണ്ടി തൊഴിലാളി അവശത പെൻഷന് 2 കോടി രൂപയും, കശുവണ്ടിത്തൊഴിലാളി എക്സ്ഗ്രേഷ്യയായി 0.9 കോടി രൂപയും, മത്സ്യത്തൊഴിലാളി വിധവാ പെൻഷനായി 5.86 കോടി രൂപയും, ഐ.സി.ഡിഎസ്. ശമ്പളവും ബത്തയുമായി 57 കോടി രൂപയും, എൻ.എച്ച്.എം ആശാ വർക്കർമാരുടെ ഓണറേറിയം ആയി 50.49 കോടി രൂപയും, കാരുണ്യ ബെനവലന്റ് ഫണ്ടിന് 57 കോടി രൂപയും, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയ്ക്ക് 100 കോടി രൂപയും, മെഡിക്കൽ സപ്ലൈസ് കോർപ്പറേഷന് മരുന്നിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 55 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രീതിയിൽ കേരളത്തിലെ വിവിധ മേഖലയിലുള്ള ജനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചതിലൂടെ, കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾ കാരണം രൂപപ്പെട്ട സാമ്പത്തിക

| | | | |
|---|---|---|---|
| | | | ഞെരുക്കത്തിന്റെയും പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ ഓണക്കാലത്ത് പൊതുവിപണിയിൽ പണമെത്തിക്കുന്നതിന് കേരള സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദമായിട്ടുണ്ട്. |
| (ബി) | പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ് ഗ്രേഷ്യ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിരുന്നുവോ ; വിശദമാക്കുമോ; | (ബി) | പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 2000/- രൂപ നിരക്കിൽ എക്സ്ഗ്രേഷ്യാ ധനസഹായം അനുവദിച്ചു വരുന്നു. ഒരു വർഷമോ അതിലധികമോ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന 398 ഫാക്ടറികളിലെ 14,647 തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ഇനത്തിൽ 2000/- രൂപയും 250 രൂപയുടെ അരിയും നൽകിയതിനായി 3.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കുടിശികയായ ക്ഷേമ പെൻഷൻ വിതരണം ഈ വർഷവും അടുത്ത വർഷവുമായി വിതരണം ചെയ്തു തീർക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതോടനുബന്ധിച്ച് ക്ഷേമ പെൻഷൻ കുടിശികയുടെ എത്ര ഗഡു ഈ ഓണക്കാലത്ത് വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | “പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025-26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ആയതിൻ പ്രകാരം ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനിവദിച്ചതിനോടൊപ്പം രണ്ട് ഗഡു കുടിശ്ശികയും (ആകെ 2550 കോടി രൂപ) അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ